**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5011** **28.10.2016 ൽ മറുപടിയ്ക്ക്**

**നാളികേര സംഭരണ കുടിശ്ശിക തുക**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ.ബി.ഡി. ദേവസ്സി** | | **ശ്രീ. വി.എസ്.സുനിൽ കുമാർ (ബഹു.കൃഷി വകുപ്പ് മന്ത്രി)** |
| (എ) നാളികേര സംഭരണ കുടിശ്ശിക തുക ഉടൻ കൊടുത്തുതീർക്കുന്നതിനും എല്ലാ പഞ്ചായത്തുകളിലും കൃഷി ഭവൻ മുഖേന പച്ചത്തേങ്ങ സംഭരിക്കുന്നതിനും തേങ്ങയുടെ വില കാലതാമസം കൂടാതെ കർഷകന് ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (എ) | സംഭരിച്ച തേങ്ങയുടെ വില നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും സൗകര്യപ്രദവും കുറ്റമറ്റതും കൂടുതൽ കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന രീതിയിലും സംഭരണം നടത്തുന്നതിന്റെ പ്രായോഗികത പരിശോധിച്ച് യുക്തി സഹമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ കൃഷി വകുപ്പ് ഡയറക്ടർ, കേരഫെഡ് മാനേജിംഗ് ഡയറക്ടർ , മാർക്കറ്റ് ഫെഡ് മാനേജിംഗ് ഡയറക്ടർ, നാഫെഡ് ബ്രാഞ്ച് മാനേജർ എന്നിവർ അടങ്ങിയ ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാളികേര സംഭരണം കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

**സെക്ഷൻ ഓഫീസർ**